# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1498    04.12.2015-ൽ മറുപടിയ്ക്ക്**

**<u>ഗ്രാമീണ റോഡുകൾക്ക് വൺ ടൈം മെയിന്റനൻസ് പദ്ധതി</u>**

| ചോദ്യം<br>ശ്രീ.ഇ.ചന്ദ്രശേഖരൻ | | മറുപടി<br>ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഗ്രാമീണ റോഡുകൾക്ക് വൺ ടൈം മെയിന്റനൻസ് പദ്ധതി പ്രകാരം ഓരോ മണ്ഡലത്തിലും എത്ര തുക വീതം അനുവദിച്ചുവെന്ന് വർഷം, തുക തിരിച്ച് വിശദമാക്കുമോ; | (എ) യും<br>(ബി) യും<br>(സി) യും<br>(ഡി) യും | ഗ്രാമീണ റോഡുകൾക്ക് വൺ ടൈം മെയിന്റനൻസ് പദ്ധതി എന്ന പേരിൽ നിലവിൽ തദ്ദേശ സ്വയംഭരണ വകുപ്പിൽ പദ്ധതിയില്ല. ഗ്രാമവികസന വകുപ്പുമായി ബന്ധപ്പെട്ട പ്രധാനമന്ത്രി ഗ്രാമസഡക് യോജന പദ്ധതിയിലും ഗ്രാമീണ റോഡുകളുടെ ഒറ്റത്തവണ പുനരുദ്ധാരണ പദ്ധതി ഏറ്റെടുക്കുന്നില്ല. ഗ്രാമീണ റോഡുകൾ നിർമ്മാണം നടത്തിയശേഷം, അഞ്ചുവർഷം മെയിന്റനൻസ് കാലാവധി കഴിഞ്ഞ് ജില്ലാപഞ്ചായത്തിന് കൈമാറുന്ന പദ്ധതിയാണ് നിലവിലുള്ളത്. |
| (ബി) | 2015-16 വർഷം എത്ര മണ്ഡലങ്ങളിൽ തുക അനുവദിച്ചുവെന്ന് മണ്ഡലം തിരിച്ച് വിശദമാക്കുമോ; | | |
| (സി) | മണ്ഡലങ്ങളിൽ തുക അനുവദിക്കുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | | |
| (ഡി) | ഏതെങ്കിലും മണ്ഡലങ്ങളിൽ തുക അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ